

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P10/1951/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P10/1951/2023 തീയ്യതി: 30/11/2023

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 21-09-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എസ്.അനിൽകുമാർ	ഡെപ്യൂട്ടി ഡയറക്ടർ	04-11-2023	10-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-11-2023	10-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത് കുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ).
ശ്രീമതി. ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ. സുനിൽകുമാർ യു എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി. രാജശ്രീ. സി. ആർ, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എസ്.ശ്രീകുമാർ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീമതി സംഗീത സി.ആർ.	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനി ഒ.	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
ശ്രീ.ദീപക് ഡി.എസ്.	വി.ഇ.ഒ.	01-04-2022	31-03-2023
ഡോ.എം.കെ.വിമല	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2022	31-03-2023
ഡോ.നാൻസി എ.കരീം	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
ശ്രീമതി ലളിതകുമാരിയമ്മ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീ.സുനിൽ ഡേവിഡ്	അസ്സി.സെക്രട്ടറി	01-04-2022	31-10-2022
ശ്രീ.രവിവർമ്മകുമാർ എം.പി.	അസ്സി.സെക്രട്ടറി	01-11-2022	31-03-2023
ശ്രീമതി ലിജിയ രാജു	അസ്സി.എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീ. ആൻസൺ വി. കുഞ്ഞച്ചൻ	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ. ദീപ്തി എ. ആർ.	വെറ്ററിനറി സർജൻ	01-04-2022	27-09-2022
ഡോ. സൗമ്യ എൻ. പി.	വെറ്ററിനറി സർജൻ	28-09-2022	28-01-2023
ഡോ. ഗുരുപ്രിയ വി. എസ്.	വെറ്ററിനറി സർജൻ	29-01-2023	31-03-2023
ശ്രീ. ഉമേഷ് കുമാർ യു.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ധനകാര്യകമ്മീഷൻ ഗ്രാന്റ് -വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ACR ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല	1-1.3
2	വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല	1-1.4
3	ഓഡിറ്റ് സാക്ഷ്യപത്രം	1-1
4	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല	1-1.1
5	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1.2
6	പെയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR ൽ നിന്ന് ഒഴിവാക്കിയില്ല	1-1.5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഗ്രാന്റുകളുടെ വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തരനിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	ആംബുലൻസിന്റെ വരവ് ഒടുക്കു വരുത്തിയില്ല	1-11
17	വസ്തുനികുതി കുറവായി നിർണ്ണയിച്ചു	1-12
18	തൊഴിൽ നികുതി ഈടാക്കിയില്ല	1-13
19	മണ്ണ് ലേലം -രേഖകൾ ലഭ്യമാക്കിയില്ല	1-14
20	ലൈസൻസ് നൽകുന്നതിലെ അപാകതകൾ	1-15
21	മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല	1-16
22	ഉപകരണങ്ങൾ ലഭ്യമായില്ല ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
23	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ തുക അനുവദിച്ചില്ല	1-18
24	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭിച്ചില്ല	1-19
25	അങ്കണവാടികളിലേക്ക് പ്രഷർകുക്കർ, സ്റ്റീൽ കണ്ടെയിനർ-GEM മുഖേന വാങ്ങിയില്ല	1-20
26	കോണ്ട്രാക്ടേഴ്സ് ഇ.എം.ഡി.- 24,900/- രൂപ അധികം നൽകി	1-21
27	ഫൈൻ ഈടാക്കിയില്ല	1-22
28	ടെന്ററർ കുറവു പരിഗണിക്കാതെ അധികം തുക നൽകി	1-23
29	ഈ-ടെൻഡർ ഫാറവില	1-24
30	ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല	1-25
31	ഹരിതകർമ്മസേന-അവലോകനം	1-26
32	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 3,66,279/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27

33	പത്താംതരം തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ, രേഖകൾ ഹാജരാക്കാത്തതിനാൽ 7,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
34	നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 11,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-29
35	ഓഫീസ് നവീകരണം - വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	1-30
36	തൊഴിലുറപ്പ്-സോഫ്റ്റ്വെയറിലെ അപാകത	1-31
37	തൊഴിലുറപ്പ് -അവലോകനം	1-32
38	തനത് വിഭവ സമാഹരണം	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കോണ്ട്രാക്ടേഴ്സ് ഇ.എം.ഡി.- 24,900/- രൂപ അധികം നൽകി	3-1
2	ടെന്ററർ കുറവു പരിഗണിക്കാതെ അധികം തുക നൽകി	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1.3 ധനകാര്യകമ്മീഷൻ ഗ്രാന്റ് -വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ACR ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

AFS പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് – 1,03,76,153 /-രൂപ.
A.C.R, സുലേഖ പ്രകാരമുള്ള ചെലവ് – 1,01,37,522/-രൂപ.
വ്യത്യാസം – 2,38,631 /-രൂപ.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied ACR ൽ ഉൾപ്പെടാത്ത ചെലവ് – 13,941/-രൂപ (2021-22 ലെ GST, IT അടവാക്കിയത്).
ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied ACR ൽ ഉൾപ്പെടാത്തത്.
1. പദ്ധതി – 4/23, വെള്ളക്കരം അടവാക്കൽ – 2,19,240/-രൂപ.
2. 2021-22 ലെ GST, IT അടവാക്കിയത് – 5,550/-രൂപ.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied, ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied പ്രകാരം ACR ൽ ഉൾപ്പെടാത്ത ആകെ ചെലവ് – 2,38,731/-രൂപ.
പദ്ധതി -7/23, ഇ-ടൊയിലറ്റ് എ.എം.സി. തുക ഒടുക്കൽ – 100/-രൂപ ACR ൽ ഉൾപ്പെട്ടു. എന്നാൽ ചെലവഴിച്ചിട്ടില്ല.
വ്യത്യാസം = 2,38,631/-രൂപ (238731-100).

1-1.4 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല

Contractors EMD AFS (RP) പ്രകാരമുള്ള ചെലവ് – 5,04,200/-രൂപ.

Contractors EMD രജിസ്റ്റർ പ്രകാരമുള്ള ചെലവ് – 4,79,300/-രൂപ.

വ്യത്യാസം – 24,900/-രൂപ.
കരാറുകാരന് EMD തിരികെ നൽകിയപ്പോൾ 24,900/-രൂപ അധികം നൽകിയതിനാലാണ് വ്യത്യാസം വന്നത്.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 15-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 19-7-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത്

നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യ പത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1-1.1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = 67,94,280/-രൂപ.

നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 56,12,498/-രൂപ

1-1.5 പെയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR ൽ നിന്ന് ഒഴിവാക്കിയില്ല

2022-23 ൽ വികസന ഫണ്ട് ജനറൽ, എസ്.സി.പി., മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നിവയിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

മെയിന്റനൻസ് ഗ്രാന്റ് റോഡ്

ക്രമ നമ്പർ	ബിൽ നമ്പർ/തീയതി	പ്രോജക്ട് നമ്പർ	തുക (രൂപ)
1	452/31-3-23	88/23	88,200/-

വികസന ഫണ്ട് എസ്.സി.പി.

ക്രമ നമ്പർ	ബിൽ നമ്പർ/തീയതി	പ്രോജക്ട് നമ്പർ	തുക (രൂപ)
1	451/31-3-23	120/23	2,50,000/-

വികസന ഫണ്ട് ജനറൽ

ക്രമ നമ്പർ	ബിൽ നമ്പർ/തീയതി	പ്രോജക്ട് നമ്പർ	തുക (രൂപ)
1	455/31-3-23	123/23	2,01,600/-
2	ബിൽ നം. ലഭ്യമല്ല	113/23	2,24,995/-

3	454/31-3-23	121/23	74,830/-
4	453/31-3-23	121/23	2,93,855/-
		ആകെ	7,95,280/-

1-2 ബജറ്റ്

2022-23 ലെ ബജറ്റ് 16/03/2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 24/03/2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,26,10,044/-രൂപ
വരവ്	5,99,35,520/-രൂപ
ആകെ	7,25,45,564/-രൂപ
ചെലവ്	5,43,23,022/-രൂപ
നീക്കിയിരിപ്പ്	1,82,22,542/-രൂപ
വരവിനത്തിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/ നിരാകരിക്കുന്ന തുക	30,348/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	24,61,148/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഗ്രാന്റുകളുടെ വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	ലാപ്പ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	1,75,26,000/-	1,75,26,000/-	1,67,21,843/-	8,04,157/-
വികസനഫണ്ട് (എസ്.സി.പി)	0	1,50,16,000/-	1,50,16,000/-	1,39,13,643/-	11,02,357/-
സി.എഫ്.സി. ടൈഡ് (ബാങ്ക്)	11,61,207/-	49,45,000/-	61,06,207/-	43,13,354/-	17,92,853/-
സി.എഫ്.സി. ടൈഡ് (ട്രഷറി)	0	31,62,127/-	31,62,127/-	19,61,074/-	12,01,053/-
സി.എഫ്.സി. അൺടൈഡ് (ബാങ്ക്)	10,08,966/-	34,07,046/-	44,16,012/-	41,01,725/-	3,14,287/-
സി.എഫ്.സി. അൺടൈഡ് (ട്രഷറി)	0	0	0	0	0
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	1,68,71,000/-	1,68,71,000/-	1,60,36,067/-	83,49,33/-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	69,95,000/-	69,95,000/-	69,95,000/-	0
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്					
കാവുകളുടെ സംരക്ഷണം	5,345/-	0	5,345//-	0	5,345/-
ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ	0	95,00,000/-	95,00,000/-	47,50,000/-	47,50,000/-
ബഡ്സ് സ്കൂൾ	11,60,750/-	5,000/-	11,65,750/-	1,05,030/-	10,60,750/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
MNREGS	3,385/-	13,64,797/-	13,68,182/-	13,67,513/-	3,385/-
ICDS	23,350/-	21,75,738/-	21,99,088/-	14,95,289/-	7,03,799/-
സമ്പൂർണ്ണശുചിത്വം	22,94,713/-	22,532/-	23,17,245/-	12,25,276/-	10,91,969/-
ഹെൽത്ത് ഗ്രാന്റ്	0	4,66,362/-	4,66,362/-	3,45,167/-	1,21,195/-
സബ് സെന്റർ	0	3,10,198/-	3,10,198/-	2,65,745/-	44,453/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
202	23,98,13,118/-	109	9,07,90,791/-	65	28	54%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ്₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MNREGA A/C	3,385/-	13,64,797/-	13,68,182/-	13,67,634/-	548/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	8,95,84,782/-	8,95,84,782/-	8,95,84,782/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	59,67,000/-
വിധവാ പെൻഷൻ	1,52,33,000/-
വാർദ്ധക്യകാല പെൻഷൻ	2,61,41,700/-
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	52,46,000/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	3,40,400/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	1,20,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2023 03.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,845/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ILGMS സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വ്യാപാര ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. വ്യാപാര ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു

ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് ഇവ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റോഫീസിന്റെ വാടക ഈടാക്കുന്നില്ല. പുറംമ്പോക്ക് സ്ഥലങ്ങളിൽ വ്യാപകമായ കൈയ്യേറ്റം നടന്നുകൊണ്ടിരിക്കുന്നു. കൊതുക് നിവാരണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ രീതിയിൽ തുക ചെലവഴിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഫണ്ടുകൾ അക്കൗണ്ട് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.01.2023	10/2022 മുതൽ 12/2022 വരെ	17.03.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.12.2018 മുതൽ 11.12.2018 വരെ	2013-14 മുതൽ 2017-18 വരെ	18.01.2019

1-11 ആംബുലൻസിന്റെ വരവ് ഒടുക്കു വരുത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL02 BQ4042 നമ്പർ ആംബുലൻസിന്റെ വരവ് തുകകൾ കൃത്യമായി ഒടുക്കു വരുത്തുന്നില്ല. ആംബുലൻസിന്റെ വരവ് തുകകൾ പഞ്ചായത്ത് സ്വന്തമായി അച്ചടിച്ച രസീതുകൾ പ്രകാരമാണ് ഈടാക്കുന്നത്. പ്രസ്തുത രസീത് ബുക്കുകളിലെ രസീതിന് മെഷീൻ നമ്പർ നൽകിയിട്ടുണ്ടെങ്കിലും രസീത് ബുക്കുകൾക്ക് നമ്പർ നൽകിയിട്ടില്ല. രസീത് പ്രകാരമുള്ള വരവുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ശ്രീ. സുരേഷ്, മകയിരം എന്ന വ്യക്തിയുടെ പേരിലുള്ള 02.08.22 ലെ 102-ാം നമ്പർ രസീത് പ്രകാരമുള്ള 3,115/- രൂപ നാളിതു വരെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കിയില്ല. അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് തുക ഈടാക്കുന്നതിനിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുക ഒടുക്ക് വരുത്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 10/09.11.23.

1-12 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി കുറവായി നിർണ്ണയിക്കുന്നതായി കണ്ടു. തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11ലെ (അച്ചടി) 19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 50/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നക്രമ	വാർഡ് നമ്പർ/ കെട്ടിട	ഉടമയുടെ പേര്	ച.മി	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന	അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക

	നമ്പർ			(ച.മീറ്ററിന് 50/- രൂപ നിരക്കിൽ)	വസ്തുനികുതി (ച.മീറ്ററിന് 60/- രൂപ നിരക്കിൽ)	(₹)
1	9/595	സിറാജുദ്ദീൻ, നെജീമാ ഹൗസ്, തെക്കേമുറി	38.16	1,908/-	2,289.6	381.6
2	9/596		31.65	1,582.5	1,899/-	316.5
3	9/597		33.79	1,689.5	2,027.4	337.9
4	9/598		35.51	1,775.5	2,130.6	355.1
5	9/613		71	3,550/-	4,260/-	710/-
6	9/614		98.915	4,945.75	5,934.9	989.15
7	9/612	ഷെഫീക്ക്, അംനാ വില്ല, തെക്കേമുറി	34.9	1,745/-	2,094/-	349/-
8	9/615		30.3	1,515/-	1,818/-	303/-
9	9/616		34.4	1,720/-	2,064/-	344/-
10	9/617		39.51	1,975.5	2,370.6	395.1
11	9/618		76	3,800/-	4,560/-	760/-
	ആകെ			32,185.25	38,622.3	6,437.05

അപാകത സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിയ്ക്ക്, വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി മേൽ കെട്ടിടങ്ങൾ പരിശോധിക്കുന്നതാണെന്നും അപേക്ഷ ലഭ്യമാകുന്ന വിവരങ്ങൾക്കനുസൃതമായി നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.
മേൽപറഞ്ഞ അപാകത പരിഹരിച്ച് വസ്തുനികുതി കണക്കാക്കിയതിലെ കുറവ് കുടിശ്ശിക സഹിതം ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 19/ 10.11.23.

1-13 തൊഴിൽ നികുതി ഈടാക്കിയില്ല

1) പ്രിസംപ്റ്റീവ് ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവർ), ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2) ഗ്രാമപഞ്ചായത്തിൽ തൻവർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമനം.	കരാറുകാരന്റെ പേര്
1.	ശ്രീ. രാമൻ പിള്ള
2.	ശ്രീ. സുരേഷ് പിള്ള
3.	ശ്രീ. ഡാനിക്കുട്ടി
4.	ശ്രീ. റിയാസ്
5.	ശ്രീ. അൻഷാദ്
6.	ശ്രീ. രഘുനാഥൻ പിള്ള
7.	ശ്രീ. കാസിം കുഞ്ഞ്
8.	ശ്രീ. നസീർ കെ.എസ്.
9.	ശ്രീ. ജലീൽ

3) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനം	ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം	ഡിപ്പാർട്മെന്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ജീവനക്കാരുടെ എണ്ണം	അർദ്ധ വർഷം
1.	പി.ബി.ഇൻഡസ്ട്രീസ്	5	20	1 & 2
2.	പി.എസ്. ഇൻഡസ്ട്രീസ്	6	ലഭ്യമല്ല	”
3.	എൻ. എസ്. വയർകട്ട് ബ്രിക്സ്	3	9	”
4.	ശാലി ബ്രിക്സ് ഇൻഡസ്ട്രീസ്	6	10	”
5.	എസ്. കെ. ഹോളോബ്രിക്സ്	6	7	”
6.	അബാബിൽ ഹോളോബ്രിക്സ്	24	19	”
7.	സൂര്യ ബ്രിക്സ്	7	5	”
8.	കുഞ്ചു സാമിൽ	3	6	”

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് റേഷൻ വ്യാപാരികൾക്ക് തൊഴിൽനികുതി അടവാക്കുന്നതിന് കത്ത് നൽകിയിരുന്നെങ്കിലും ഓൾ കേരള റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ കത്ത് പ്രകാരം തൊഴിൽനികുതി അടവാക്കുന്നത് സംബന്ധിച്ച കേസ് നിലനിൽക്കുന്നുവെന്നും ആയതിന്റെ വിധി പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും ക്രമ നം. 2 ൽ പരാമർശിച്ചിട്ടുള്ള കരാറുകാരിൽ നിന്നും ക്രമ നം. 3 ൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 തീയതിയിലെ (സി.എസ്.)എ 9- 764/2019 സർക്കുലർ, പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 12/09.11.23.

1-14 മണ്ണ് ലേലം -രേഖകൾ ലഭ്യമാക്കിയില്ല

വാർഡ് 11 ലെ, ഈയാനം പെരുകുളം തുണ്ടിലവിള ഭാഗം ഓട നിർമ്മാണം (പ്രോജക്ട് നം. 191/22) എന്ന പ്രോജക്ടിന്റെ ഭാഗമായി കുഴിച്ചെടുത്ത 61.79 M^3 മണ്ണ് ലേലം ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ 06.04.22 ലെ 13/PRO/AE/LID &EW/SN/22-23ാം നമ്പർ ആയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നു. മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകൃയറിയ്ക്ക്, മണ്ണ് ഗ്രാമപഞ്ചായത്തിന്റെ ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണത്തിന്റെ എർത്ത് ഫില്ലിംഗിനായി വിനിയോഗിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ മേൽ പ്രവൃത്തി ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. എർത്ത് ഫില്ലിംഗിനായി മണ്ണ് ഉപയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 13/09.11.23.

1-15 ലൈസൻസ് നൽകുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) ൽ, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൻവർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 421 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തത്. എന്നാൽ വാർഡ് തല ട്രഡേഴ്സ് രജിസറ്റർ പ്രകാരം 576 സ്ഥാപനങ്ങൾ ഉണ്ട്.

2) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ റേഷൻകടകളൊന്നും ലൈസൻസ് എടുത്തിട്ടില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക്, സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന മറുപടി ലഭ്യമാക്കി. വിശദമായ പരിശോധന നടത്തി പഞ്ചായത്തിൽ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 16/09.11.23.

1-16 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഇൻഹൗസ് ഡ്രഗ് ബാങ്കിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്, നമ്പർ	നൽകിയ തുക (രൂപ)	ലഭ്യമായ മരുന്നിന്റെ വിവരം തുക (രൂപ)	ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം

			തുക (രൂപ)
ആരോഗ്യ ഗ്രാമം Soo 84/23	1,96,057/- (ബിൽ നം. 30 തീയതി 31.03.23)	1,39,783/-	56,274/-
സാന്ത്വന പരിചരണം Soo 8/23	4,00,000/- (ബിൽ നം. 01 തീയതി 11.07.23)	3,76,383/-	23,617/-
	1,88,480/- (ബിൽ നം. 20 തീയതി 13.01.23)	0	1,88,480/-
		ആകെ	2,68,371/-

മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഇൻഹൗസ് ഡ്രഗ് ബാങ്ക് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻകൗയറിയ്ക്ക് മറുപടി ലഭ്യമാക്കി. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,68,371/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങളും, സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,68,371/-രൂപ.

ഓഡിറ്റ് എൻകൗയറി നം. 14 തീയതി. 9.11.23.

1-17 ഉപകരണങ്ങൾ ലഭ്യമായില്ല ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ (S0185/23) എന്ന പ്രോജക്ട് പ്രകാരം വൗച്ചർ നം. 22201252/28.02.2023 മുഖേന 51,255/-രൂപ (ഹെൽത്ത് ഗ്രാന്റ്) ഇൻഹൗസ് ഡ്രഗ് ബാങ്കിന് നൽകി. പ്രോഫോർമ ഇൻവോയിസ് നം. 1027@N2023/2, തീ. 08.02.23 പ്രകാരം വാട്ടർ പ്യൂരിഫയർ 3 എണ്ണം, ഹൈറ്റ് & വെയ്റ്റ് മെഷറിംഗ് സ്കെയിൽ, ഒന്ന് എന്നിവ വാങ്ങുന്നതിനാണ് തുക നൽകിയത്. ഉപകരണങ്ങൾ നാളിതുവരെയും ലഭ്യമായിട്ടില്ലാത്തതിനാൽ 51,255/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം. 15/9.11.23.

തടസ്സപ്പെടുത്തുന്ന തുക – 51,255/-രൂപ.

1-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ തുക അനുവദിച്ചില്ല

പ്രോജക്ട് നമ്പർ, പേര്	വകയിരുത്തിയ തുക (₹)	ചെലവഴിച്ച തുക (₹)	ബിൽ നമ്പർ
112, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	9,50,000/- (വികസനഫണ്ട് ജനറൽ-4,50,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2,50,000/- ജില്ലാ പഞ്ചായത്ത് വിഹിതം-2,50,000/-)	7,45,000/-	08/17.11.22 09/17.11.22 10/10.01.23 15/10.01.23

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ മുഴുവൻ തുകയും അനുവദിക്കുന്നതിന് പര്യാപ്തമായ തുക വകയിരുത്തുന്നില്ല. പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ കുട്ടികൾക്കും അർഹമായ മുഴുവൻ തുകയും അതാത് മാസം അനുവദിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തി

പദ്ധതി ആവിഷ്കരിക്കണമെന്ന് പതിനാലാം പഞ്ചവൽസര പദ്ധതി-സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം. 115/22 തസ്വഭവ, തീയതി 28.05.2022) വ്യക്തമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വർഷം പരമാവധി 28,500/- രൂപ വരെ അനുവദിക്കാമെങ്കിലും ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 13,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അർഹമായ മുഴുവൻ തുകയും അനുവദിക്കാത്തതിനാലാണ് സർക്കാർ നിശ്ചയിച്ച നിരക്കിൽ ആനുകൂല്യം നൽകാൻ സാധിക്കാത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. ബ്ലോക്ക്, ജില്ലാപഞ്ചായത്തിൽ നിന്നും പരമാവധി വിഹിതം ലഭ്യമാക്കി അർഹമായ ധനസഹായം പൂർണ്ണതോതിൽ അനുവദിക്കുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് ഈ വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൗയറി നം. 04/08.11.2023.

1-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

ഹോമിയോ ഡിസ്പെൻസറിക്ക് HOMCO യിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ ചേർക്കും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	വകയിരുത്തിയ തുക (₹)	ചെലവഴിച്ച തുക (₹)	പ്രെഫോർമ്മ ഇൻവോയിസ്	ബിൽ നമ്പർ
12/23, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	4,00,000/- (MF NR)	4,00,000/-	PF 536/ 11.10.2022	03/26.10.22
10/23, എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	3,00,000/- (MF NR)	3,00,000/-	PF 779/ 10.11.2022	04/31.01.23

ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതിയിൽ 1,05,155/- രൂപയുടെയും ക്രമ നമ്പർ 2 പ്രകാരമുള്ള പദ്ധതിയിൽ 1,75,369/- രൂപയുടെയും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാകുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ എൻകൗയറിക്ക് മറുപടി ലഭ്യമാക്കി. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,80,524/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം. – 07/08.11.2023.

തടസ്സപ്പെടുത്തുന്ന തുക – 2,80,524/- രൂപ.

1-20 അങ്കണവാടികളിലേക്ക് പ്രഷർകുക്കർ, സ്റ്റീൽ കണ്ടെയിനർ-GEM മുഖേന വാങ്ങിയില്ല

28 അങ്കണവാടികളിലേക്ക് പ്രഷർ കുക്കർ, സ്റ്റീൽ കണ്ടെയിനർ എന്നിവ വാങ്ങി നൽകുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ ചേർക്കും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ബിൽ നമ്പർ
114/23, അങ്കണവാടിക്ക് പ്രഷർ കുക്കർ,	2,00,000/-രൂപ (MF NR)	1,97,650/-രൂപ	17/15.03.23

മിക്സി, കണ്ടെയിനർ വാങ്ങൽ			

എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GEM മുഖേന സമാഹരിക്കണമെന്ന് 26.04.2019 ലെ ജി.ഒ.(പി)നം. 07/2019/ എസ്.പി.ഡി. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ ടെൻഡർ ക്ഷണിച്ചാണ് സാധനങ്ങൾ വാങ്ങിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്നത് പ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം. 06/08.11.2023.

1-21 കോണ്ട്രാക്ടേഴ്സ് ഇ.എം.ഡി.- 24,900/- രൂപ അധികം നൽകി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2020-21 ൽ മെറ്റീരിയൽ സപ്ലൈ കരാറെടുത്ത ശ്രീ. അബ്ദുൾ റഷീദ്, ഇടയിലവീട് എന്ന വ്യക്തിക്ക് ഇ.എം.ഡി. തിരികെ നൽകിയപ്പോൾ 24,900/- രൂപ അധികം നൽകിയതായി കണ്ടെത്തി. 30.10.2020 ലെ 120010101686 നമ്പർ രസീത് പ്രകാരമുള്ള 12,400/- രൂപയും 120010101695 നമ്പർ രസീത് പ്രകാരമുള്ള 12,500/- രൂപയും 2200448/30.08.2022 നമ്പർ വൗച്ചറിൽ രണ്ട് തവണ ഉൾപ്പെടുത്തിയത് കാരണമാണ് 24,900/-രൂപ അധികം നൽകാനിടയാക്കിയത്. താഴെ പറയുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള കരാറിൽ ഇ.എം.ഡി. ഇനത്തിൽ ഒടുക്കിയ 70,100/-രൂപ തിരികെ ലഭിക്കുന്നതിനു വേണ്ടിയാണ് ശ്രീ. അബ്ദുൾ റഷീദ് അപേക്ഷ നൽകിയത്.

1.	നല്ലാന്തറ വയൽ കോളനി റോഡ് കോൺക്രീറ്റിംഗ് റീച്ച്-1	₹9,800/-
2.	ആറമ്പിൽ സുരേഷ് ഭവനം റോഡ് കോൺക്രീറ്റിംഗ്	₹12,400/-
3.	മേലേവീട്- കിഴകിട ഏലാ റോഡ് കോൺക്രീറ്റിംഗ് റീച്ച്-1	₹12,400/-
4.	വിളയിൽ പാറകുളം റോഡ് കോൺക്രീറ്റിംഗ്	₹10,600/-
5.	ശനിദേവിക്ഷേത്രം-നാലുതുണ്ടിൽ കനാൽ റോഡ് കോൺക്രീറ്റിംഗ്	₹12,400/-
6.	അമ്പലത്തുംവിള-തൈക്കാവ് റോഡ് കോൺക്രീറ്റിംഗ്	₹12,500/-
	ആകെ	₹70,100/-

മേൽപ്രകാരമുള്ള ഇ.എം.ഡി. ഒടുക്കിയതിന്റെ അസൽ രസീതുകൾ നഷ്ടപ്പെട്ടതായി ശ്രീ. അബ്ദുൾ റഷീദ് സത്യവാങ്മൂലും സമർപ്പിച്ചിരുന്നു. എന്നാൽ ക്രമ നം. 5, 6 എന്നീ പ്രവൃത്തികൾക്ക് ഒടുക്കിയ ഇ.എം.ഡി. കളുടെ രസീതുകളുടെ പകർപ്പുകൾ കൂടി ശ്രീ. അബ്ദുൾ റഷീദ് സമർപ്പിച്ചു. ഇതു കാരണമാണ് ഈ രണ്ടു പ്രവൃത്തികളുടെ ഇ.എം.ഡി. ഒരേ വൗച്ചറിൽ രണ്ടു തവണ ഉൾപ്പെടുത്തി അധികം തുക അനുവദിക്കാനിടയാക്കിയത്. ഇതുകാരണം 70,100/- രൂപ അനുവദിക്കുന്നതിനു പകരം മേൽ വൗച്ചർ പ്രകാരം 95,000/-രൂപ അനുവദിച്ചു.

അധികം കൈപ്പറ്റിയ തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻകൗയറിക്ക് സെക്രട്ടറി മറുപടി നൽകി. തുക തിരികെ ഒടുക്കുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം അനുവദിച്ച് നൽകിയ 24,900/- രൂപ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻകൗയറി നം. 05/08.11.2023.

നിരാകരിക്കുന്ന തുക – 24,900/- രൂപ.

1-22 ഫൈൻ ഈടാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കരാറുകാരൻ കോൺട്രാക്ട് തുകയുടെ 0.5% (മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/-രൂപ) ഇൻഷ്വറൻസ് കവറേജ് എടുക്കണമെന്നു ലെറ്റർ ഓഫ് അസ്സപ്റ്റൻസ് വ്യവസ്ഥ 6 ൽ നിഷ്കർഷിക്കുന്നു. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ്

ചെയ്യേണ്ടതാണ്. (ജി.ഒ.(പി) നം. 3/2017/പി.ഡബ്ല്യു.ഡി. തീ. 09-08-2017).
2022-23 ൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർ ഇൻഷ്വറൻസ് എടുക്കുകയോ, ഫൈൻ ഈടാക്കുകയോ ചെയ്തില്ല. വിശദീകരണം നൽകേണ്ടതാണ്.

ക്രമ നം	പ്രവൃത്തിയുടെ പേര്	പി.എ.സി. (₹)	ഈടാക്കേണ്ടുന്ന ഫൈൻ (₹)
1	139/23 - തറയിൽ കിഴക്ക്കോളനി - പാഞ്ചാലി മുക്കു - ആഞ്ഞിലി മൂട് റോഡ് മെയിന്റനൻസ് - ഫയൽ നം. 35898, കരാറുകാരൻ – ശ്രീ. സാജു അടങ്കൽ – 7,87,595/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ്)	6,75,719/-	1,352/-
2	162/23 പാലവിള ജംഗ്ഷൻ – മൂർത്തിവിള റോഡ് മെയിന്റൻസ് – ഫയൽ നം. 37035, കരാറുകാരൻ – ശ്രീ. ഫൈസൽ അടങ്കൽ – 3,06,783/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡ്)	2,71,797/-	544/-
3	പ്രോജക്റ്റ് നം. 128/23 ഇടപ്പള്ളി നെടിയപാടം – കുറ്റിയിൽ മുക്ക് പൂയക്കോട് ജം. റോഡ് മെയിന്റനൻസ് ഫയൽ നം. 36982/23, കരാറുകാരൻ – ശ്രീ. കാസിംകുഞ്ഞ് മെയിന്റനൻസ് ഫണ്ട് – 9,27,705/-	6,19,817/-	1,240/-

ക്രമ നം. 1 & 2 പ്രകാരമുള്ള തുക രസീതു നം. 1230102061/09-11-23 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ക്രമ നം. 3 പ്രകാരമുള്ള തുക 1,240/-രൂപ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്
ഓഡിറ്റ് എൻകയറി നം. 17/10-11-23.

1-23 ടെന്ററർ കുറവു പരിഗണിക്കാതെ അധികം തുക നൽകി

1. **പ്രേജക്റ്റ് നം. 69/23 ഇയ്യാനം-പെരുകുളം തുണ്ടിലവിളഭാഗം ഓട നിർമ്മാണം വാർഡ്-11**

അടങ്കൽ – ₹5,55,000/- (സി.എഫ്.സി.)

ചെലവ് – ₹4,65,260/- (ബിൽ നം. 14/16-7-22)

കരാർ തുക – ₹4,15,412/- (15.39%കുറവ്)

കരാർ നം. 19/24-12/21

അളവ് പുസ്തകം – 53/21-22

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം നം. 4 - Providing Cement Concrete For Wearing Coat (75.8.11.A) 3.2 M3 @7882.54/M^3 ആയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഈ ഇനത്തിന്റെ അളവു 27.729M^3 ആയി വർദ്ധിപ്പിച്ചു. ഇതു പ്രകാരം അധിക അളവിനു നൽകാവുന്ന നിരക്ക് പ്രവൃത്തിയുടെ ടെൻഡർ കുറവിനെ അടിസ്ഥാനപ്പെടുത്തി 6669.4/M^3 ആകുന്നു. (പ്രവൃത്തിയുടെ ഏതെങ്കിലും ഘട്ടത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന പ്രവൃത്തികളുടെ സംഗതിയിൽ,ഏതെങ്കിലും ഇനം അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ കോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ.സി. പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്നു കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഇനത്തിനു അനുവദിക്കുകയുള്ളു. കരാർ വ്യവസ്ഥ-31) എന്നാൽ നല്കിയ നിരക്ക് 7882.54/M^3 ആണ്. അധികമായി നൽകിയ തുകയുടെ

വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അളവ് (ഇനം.4)	നിരക്ക് (₹)	നൽകിയ തുക (₹)	നൽകാവുന്ന തുക (₹)
27.729m^3	7,882.54	2,18,574.95	3.2M^3@7,882.54 = 25,224.12 24.529M^3@6,669.4 = 1,63,593.7 (15.39% ടെന്ററർ കുറവ് കഴിച്ചുള്ള നിരിക്ക്) ആകെ-1,88,818/-

ഈ പ്രവൃത്തിയുടെ ആകെ മൂല്യം 4,40,918.16 രൂപയായിരുന്നു. ഇത് കരാർ തുകയായ 4,15,412.45 ൽ നിജപ്പെടുത്തി നികുതി ഉൾപ്പെടെ 4,65,260/- രൂപ നൽകി. എന്നാൽ ഇനം. 4 നു അനുവദനീയമായ നിരക്കിൽ ബിൽ തയ്യാറാക്കിയിരുന്നെങ്കിൽ നൽകേണ്ടി വരുന്ന തുക ആകെ പ്രവൃത്തി മൂല്യം – 4,11,161.4 + നികുതി (12%) 49339.3 = 4,60,501/-രൂപ. അധികമായി ഉൾപ്പെടുത്തിയ അളവിനു കൂടുതൽ നിരക്കു നൽകിയതുവഴി നൽകിയ അധിക തുക 4,759/- രൂപ (465260-460501) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ/എൻജിനീയറിൽ നിന്നോ ഇടാക്കി അറിയിക്കേണ്ടതാണ്.

2. **<u>പ്രേജക്റ്റ് നം. 47/23 സംഗമം ജം. പള്ളിക്കൽ ഡാം റോഡ്</u>**

അടങ്കൽ - ₹10,00,000/- (മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് – ₹8,51,075/- (ബിൽ നം. 4/7-5-22)

പി.എ.സി. – 8,92,662.5

കരാർ തുക – 7,62,227.07 (14.61% കുറവ്)

കരാർ നം. 11/08-11-21

അളവ് പുസ്തകം-45/21-22

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം നം. 10- Surface Dressing....47.5m^2@20.6/M^2. ഇതു റീവൈസ്ഡ് എസ്റ്റിമേറ്റിൽ 116.8m^2 ആയി വർദ്ധിപ്പിച്ചു. ഇനം 11 ൽ Providing Cement Concrete For Wearing Coat (75.8.11.A) 7.123m^3@7882.54/M^3 ആയിരുന്നത് 17.520m^3 ആയി വർദ്ധിപ്പിച്ചു.

ഇതു പ്രകാരം അധിക അളവിനു നൽകാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	പ്രവൃത്തിയുടെ അളവ്	കരാർ നിരക്ക് (₹)	നൽകിയ തുക (₹)	റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നൽകാവുന്ന തുക (₹)	അധിക തുക (₹)
10-Surface Dressing	116.8m^2@20.6	18/M^2	2,102.4	47.5M2@18. = 855/- 69.3m2@17.59 = 1218.98 ആകെ – 2,073.98	28.42
11-Plane Cement Concrete(75.8.1.1.A)	17.520@7882.54	6,808/-	1,19,136/-	7.125m^3@6808 = 48,507/- 10.395@6730.9 = 69,967.7 ആകെ - 1,18,474.7	661/-
		ആകെ			689/-

അധികമായി ഉൾപ്പെടുത്തിയ അളവിനു കൂടുതൽ നിരക്കു നൽകിയതുവഴി നൽകിയ അധിക തുക 689/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ/എൻജിനീയറിൽ നിന്നോ ഇടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം17/10-11-23.

നിരാകരിച്ച തുക – 5,448/-രൂപ (4759 + 689).

1-24 ഈ-ടെൻഡർ ഫാറവില

ഈ-ടെൻഡർ ഫാറവില സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കുകയോ ഈ-ടെൻഡർ വരവ്, ഒടുക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തില്ല. ഈ-ടെൻഡർ വരവു തുകകൾ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് ഇതു സംബന്ധിച്ചു നൽകിയ നല്കിയ ഓഡിറ്റ് എൻകയറി നം. 21/10-11-23 നു മറുപടി ലഭ്യമാക്കിയില്ല.

1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ചുവടെ ചേർക്കുന്ന റോഡുകളും കുളങ്ങളും പഞ്ചായത്തിന്റെ ആസ്തിയിൽ ചേർക്കന്നതിനു പഞ്ചായത്ത് കമ്മിറ്റിയുടെ 24/6/22 ലെ തീരുമാനം നം. 7(1) പ്രകാരം അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തി . എന്നാൽ ഇവ ആസ്തിയിൽ ഉൾപ്പെടുത്തുതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകിരിച്ചില്ല. ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം.	വാർഡ് നം.	റോഡിന്റെ പേര്
1	1	രാജീവ് ഭവനം - വാലുതുണ്ടിൽ റോഡ്
2	1	കൊച്ചുവീട്ടിൽ വീട് റോഡ്- മനുഭവനം വീട് റോഡ്
3	1	കൊമളതുണ്ടിൽ - വൃന്ദാവനം വീട് റോഡ്
4	1	വലിയതറക്കാവ് ക്ഷേത്രം റോഡ്
5	1	ശ്രീജാഭവനം-
6	2	പിള്ളാരുവിള- ഗിരീഷ്ഭവനം റോഡ്
7	2	കുഴിവിള -കടുവിനാലേത്ത് റോഡ്
8	2	ഇലവക്കാട്ട് കിഴക്കതിൽ- ആനയടി ഏലാ റോഡ്
9	2	66-ാം നമ്പർ അംഗനവാടി റോഡ്
10	2	പെരുമ്പ്രാൽ-ആനയടി ഏലാ റോഡ്
11	2	കുഴിവിള -കൊച്ചുവിള റോഡ്
12	3	തങ്കം കാഷ്യൂ ഫാക്ടറി ജം- പ്ലാവിളതററോഡ്
13	3	മാറാട്ടുശേരിൽ ജം-പിണക്കത്തും വിള റോഡ്
14	3	കൈതകുഴിച്ചിട്ടുവിള-രാരുഭവനം റോഡ്
15	3	മുകന്ദവിള-കൈതാനത്തുംവിള കെ.ഐ.പി റോഡ്
16	3	RKUPS-വയ്യാങ്കര കുടിവെള്ള പദ്ധതി
17	3	വയ്യാങ്കര അതിർത്തി-ചെട്ടിയാര് ജം കൈ.ഐ.പി റോഡ്
18	3	ആറമ്പിത്തറ ജം- ആനയടി ഏലാറോഡ്
19	3	മാറാട്ടുശേരിൽ ജം-കലതിവിള കോളനി റോഡ്
20	3	തോപ്പിൽ ജം.- പറങ്കിമാംവിള റോഡ്
21	3	കണ്ടേടയ്യത്ത് ജം.-പുതുവാരേത്ത് ക്ഷേത്രം റോഡ്
22	4	പ്രവീൺ ഭവനം- ഏലാറോഡ്
23	4	പാലതറ-ഏലാറോഡ്
24	4	മുളയ്ക്കൽ കടവ് - വിളയിൽ റോഡ്
25	4	റെസ്മില്ല് -ആര്യാനിവാസ് റോഡ്
26	4	ചെറാലിൽ- ചുളൂർ റോഡ്
27	4	പാലയ്ക്കതറ മുളവിള-പാലയ്ക്കൽ ഏലാറോഡ്
28	4	പുത്തൻ വീട്-സിയാദ്ഭവനം റോഡ്
29	4	മാളികമുറ്റം-മഠത്തിൽകടവ് റോഡ്

30	4	ഒറ്റപ്ലാവിള-തറയിൽപടിഞ്ഞാറ് റോഡ്
31	4	മണ്ണും പുറം- ട്രയിനേജ് റോഡ്
32	4	മാവോലിപടി-ട്രയിനേജ് റോഡ്
33	5	അമ്മച്ചിമുക്ക്-മുള്ളിക്കരിങ്ങാട്ടിൽ-മാന്തറകാവ് റോഡ്
34	5	പുറംചുറ്റി-ചെറുകര റോഡ്
35	5	അമ്മച്ചിമുക്ക്-മൂലംകുഴി തയ്യിൽഭാഗം റോഡ്
36	5	മൂലംകുഴി ഭാഗം-അമ്മച്ചിമുക്ക് റോഡ്
37	5	തയ്യിൽ-പോക്കാട്ട് റോഡ്
38	5	കൊച്ചുതുണ്ടിൽ-ആലുവിള ക്ഷേത്രം
39	5	പുറംചുറ്റിമുക്ക്-പായ്ക്കാട്ട്തറകാവ് റോഡ്
40	5	കൈതാൽ തെക്കതിൽ ജം-പള്ളിക്കൽഡാം റോഡ്
41	5	കൊന്നക്കോട്ട് അമ്പലം- പല്ലിക്കൽഡാം റോഡ്
42	5	തുണ്ടിൽ-ചെറുകര റോഡ്
43	5	പൈകുളം- വിജയഭവനം റോഡ്
44	5	രക്തസാക്ഷിമണ്ഡപം-പുളിയിലേത്ത് റോഡ്
45	5	പുറംചുറ്റി- കിഴകിട ഏലാ റോഡ്
46	5	രക്തസാക്ഷിമണ്ഡപം-പൈകുളം റോഡ്
47	18	മഹാദേവക്ഷേത്രം -ചെറുതിട്ട റോഡ്
48	6	കോളശ്ശേരി- തറമേൽ കടവ് റോഡ്
49	6	മുകളിൽ ജംഗ്ഷൻ-മാവോലിൽ കടവ് റോഡ്
50	6	പാച്ചാലിൽ- കക്കാട് റോഡ്
51	6	കിഴകിട പഴൂർ എണ്ണശ്ശേരിമല റോഡ്
52	6	പെരുമ്പ്രാൽ -പാച്ചാലിൽ ഏലാതോട്
53	6	കൈതവനത്തറ-കക്കാട് തോട്
54	6	ആനയടി പാലം-ചരുവ്തുണ്ട് റോഡ്
55	7	കാഞ്ഞിരംകടവ് -രണ്ടുകണ്ണിക്കൽ റോഡ്
56	7	അംഗൻവാടി-ചാത്താകുളം റോഡ്
57	7	കുന്നിരാടം-ചാത്താകുളം റോഡ്
58	7	ആശാലയം-കുമ്പളംതടം റോഡ്
59	7	സെന്റ് മേരീസ് -കാഷ്യൂഫാക്ടറി കുഴിവിള റോഡ്
60	7	സെന്റ് മേരീസ് -അനിൽഭവനം റോഡ്
61	7	കണ്ണമം -ഗിരിപുരം കനാൽ റോഡ്
62	7	കനാൽ റോഡ്
63	7	ചെപ്പള്ളി -കാവനാട്ട് റോഡ്
64	7	കൈതവനത്തറ-കക്കാട് റോഡ്
65	8	ശാസ്താംവിള കിഴകിട ഏലാ തൈതോണ്ടലിൽ റോഡ്
66	8	ചാങ്ങാശ്ശേരിൽ വടക്കുവശത്തുള്ള തറയിൽ തെക്കതിൽ -കിഴകിട തോട് റോഡ്
67	8	മാവണ്ണൂർ തെക്ക്-ഇടവും തല റോട്
68	8	ചെറുതിട്ട വാതുക്കൽ-തെക്കാവ് റോഡ്
69	8	കടമ്പാട്ട്-കടമ്പാട്ട് താഴെ റോഡ്
70	18	കൃപാഫാക്ടറി - പോണാൽ ക്ഷേത്രം

71	7	പാലവിളക്കടവ് റോഡ്
72	9	പറങ്കിമാംവിള- കൈമകുളങ്ങര റോഡ്
73	9	വിളയിലയ്ത്ത് റോഡ്
74	9	പൊന്നമ്പിൽ -വാറുവിൽ കനാൽ റോഡ്
75	9	പുത്തൻവിള- പുത്തൻവിള പടിഞ്ഞാറ് റോഡ്
76	9	അരീയ്ക്കൽ അറഫാമസ്ജിദ് റോഡ്
77	9	പറങ്കിമാംവിള-മണ്ണുവിള കനകകുന്ന് കനാൽ റോഡ്
78	9	പൊന്നമ്പിൽ -കായംകുളവന്റയ്ത്ത് കനാൽ റോഡ്
79	9	കുരിഞ്ഞിയിൽ- തടത്തിലെവിള കനാൽ റോഡ്
80	9	കുരിഞ്ഞിയിൽ- തണ്ടളം റോഡ്
81	9	മുംതാസ് മൻസിൽ-അലിയുടയ്ത്ത് റോഡ്
82	9	ചാത്താതെക്കതിൽ-സക്കീർസദനം റോഡ്
83	9	മാർത്തോമപ്പള്ളി-കനകകുന്ന് റോഡ്
84	10	കുഴിയത്ത് ജം-അരീക്കൽകോളനി റോഡ്
85	10	അയണിവിള- ഷംലാ മൻസിൽ റോഡ്
86	10	കൊയ്പ്പള്ളി- നെടിയപാടം റോഡ്
87	10	കൊയ്പ്പള്ളി- കൊയ്പ്പള്ളി ക്ഷേത്രം
88	10	മുകളയ്ത്ത് വില്ല - മുകളയ്ത്ത് റോഡ്
89	10	പള്ളിത്തറയിൽ - തെക്കേകളീയ്ക്കൽ
90	10	രേവതി ജംഗ്ഷൻ - നവഭാരത് ഗ്രാന്ഥശാല റോഡ്
91	10	മേലേവീട്- എണ്ണശ്ശേരിമലനട
92	10	വല്ല്യാട്ടുപുറം -പണിയ്ക്കവീട്
93	10	കുറ്റിയാട്ട്-പുതുമംഗലം റോഡ്
94	10	വിളയിലയ്ത്ത്-മങ്ങാട്ട് റോഡ്
95	10	പൂജക്കോട് ജംഗ്ഷൻ - നെടിയപാടം
96	10	പാലത്തടം- നൂർമസ്ജിത് റോഡ്
97	10	കെ.ഐ.പി കനാൽ റോഡ്-നെടിയപാടം നോർത്ത് കനാൽ ചെയിനേജ് 3200 മീ. മുതൽ 4000 മീ. വരെ (തറോട്ടിൽ ഭാഗം മുതൽ ടിന്റുവില്ല വരെ)
98	10	കോഴിശ്ശേരിൽ കിഴക്ക് -കോഴിശ്ശേരിൽ പടിഞ്ഞാറ്
99	10	കുഴിയത്ത് ജം.-ഹസീനമൻസിൽ റോഡ്
100	11	പെരുങ്കുളം-തൈക്കാവിന്റെ വടക്കതിൽ റോഡ്
101	11	പാലവിള -കൊച്ചുപാലവിള കാഞ്ഞിരവിള റോഡ്
102	11	തുണ്ടിലവിള-കാക്കാന്റയ്യം റോഡ്
103	11	മുല്ലശ്ശേരിൽ -കാക്കാന്റയ്യം റോഡ്
104	11	ഇയ്യാനം-തടത്തിവിള റോഡ്
105	11	പതിമൂന്ന് തുണ്ട്-ചേഞ്ചിറക്കുഴി കനാൽ റോഡ്
106	11	വലിയവിള- തടത്തിലവിള റോഡ്
107	11	സെഞ്ചറി-തറയിൽവയൽ റോഡ്
108	11	മൂർത്തിവിള റോഡ്
109	11	ഞാറയ്ക്കൽ -കശുവണ്ടി ഫാക്ടറി റോഡ്
110	11	ഇയ്യാനം-കാക്കാന്റയ്യം റോഡ്

111	11	ഇയ്യാനം -ചേഞ്ചിറക്കുഴി റോഡ്
112	11	തെങ്ങുംതറ- ചേഞ്ചിറക്കുഴി കനാൽ റോഡ്
113	11	പാലവിള-കൊച്ചുപാലവിള റോഡ്
114	11	പാലവിള-പഞ്ചായത്ത് കിണർ റോഡ്
115	11	പാലവിള- കാഞ്ഞിരവിള റോഡ്
116	11	തുണ്ടിലവിള- കാക്കാന്റയ്യം റോഡ്
117	11	കാക്കാന്റയ്യം റോഡ്
118	11	ഇയ്യാനം സാമിൽ - തടത്തിലവിള
119	11	പതിമൂന്ന് തുണ്ട്-ഇയ്യാനം-സെഞ്ചറി-ചേഞ്ചിറക്കുഴി കനാൽ റോഡ്
120	12	പള്ളിച്ചന്ത കോമ്പൌണ്ട് റോഡ്
121	12	നെടിയത്ത്- പെരുംകുളം ഇയ്യാനം റോഡ്
122	12	പ്ലാംമുക്ക് -കള്ളിക്കാട്ട് റോഡ്
123	12	കെ.സി.റ്റി ജംഗ്ഷൻ-ചേഞ്ചിറക്കുഴി കനാൽ റോഡ്
124	12	പള്ളിച്ചന്ത കോമ്പൗണ്ട് ശ്മശാനം റോഡ്
125	12	മഹാത്മാനഗർ- ചേഞ്ചിറക്കുഴി കിഴക്കേകനാൽ റോഡ്
126	12	മഹാത്മാനഗർ- പുത്തൻവിള കാട്ടൂർകുഴി ഏലാ റോഡ്
127	12	മഹാത്മനഗർ- മണ്ണൂരുവിള കനാൽ റോഡ്
128	13	തേക്ക് വിള ജംഗ്ഷൻ-തടത്തിൽ റോഡ്
129	13	പുത്തൻപടിയ്ക്കൽ(പട്ടാറ) ജംഗ്ഷൻ- നെടിയപാടം റോഡ്
130	13	ആറാട്ടയ്യത്ത് ജംഗ്ഷൻ -നെടിയപാടം റോഡ്
131	13	നെടുംപുറത്ത് ജംഗ്ഷൻ-ആയിക്കമത്ത് റോഡ്
132	13	തേക്കുവിളചിറ-ചരുവിൽ റോഡ്
133	14	പഞ്ചാത്തോഫീസ്-നെടിയപാടം ഏലാ റോഡ്
134	14	ലക്ഷംവീട് റോഡ്
135	14	എച്ച്.എസ്. ജംഗഷൻ-ചിത്തിര റോഡ്
136	14	പമ്പ് ഹൌസ്-CHC റോഡ്
137	14	CHC റോഡ്-ഷാപ്പ് മുക്ക് ജംഗ്ഷൻ റോഡ്
138	14	ഷാപ്പ് ജം.-രശ്മിഭവനംറോഡ്
139	14	പാലത്തടം-മൂലപ്പാട് റോഡ്
140	14	പാലത്തടം- വില്ലേജ് ആഫീസ് കനാൽ റോഡ്
141	14	എച്ച്.എസ് ജംഗഷൻ-കിഴകിട ഏലാ റോഡ്റോഡ്
142	14	ട്രാൻസ്ഫോർമർ-കളത്തൂർ-മൂലപ്പാട് റോഡ്
143	14	കളത്തൂർ-അരീക്കൽ റോഡ്
144	14	കളത്തൂർ കോളനി റോഡ്
145	14	പ്ലാവിള-കിഴകിട ഏലാ റോഡ്
146	14	കുറ്റിയിൽ-വല്ലൂരയ്യത്ത് റോഡ്
147	14	കെ.എസ്.ഇ.ബി -വില്ലേജ് ആഫീസ് റോഡ്
148	14	പയ്നിയർ-ഉള്ളന്നൂർ റോഡ്
149	14	ചാങ്കൂർ-പനാട്ടയ്യത്ത് റോഡ്
150	14	മഞ്ഞാണിയിൽ-കളത്തൂർ വടക്കതിൽ റോഡ്

151	18	കെ.ജെ. ജംഗ്ഷൻ - വിജയഭവനം റോഡ്
152	15	തത്വമസി ഹോളോബ്രിക്സ് -വാഴപ്പിള്ളിൽ റോഡ്
153	15	പുതിയിടത്ത് കലുംഗ്- പ്രിൻസ്കട്ടച്ചൂള റോഡ്
154	15	റേഷൻകടമുക്ക് -നെല്ലിപ്പള്ളിൽ റോഡ്
155	15	സുരഭിജംഗ്ഷൻ-മാവുള്ളതിൽ റോഡ്
156	15	അഴകിയകാവ് -അംഗനവാടി റോഡ്
157	15	എൻ.എസ്.എസ് കരയോഗം - കളീയ്ക്കലയ്യത്ത് റോഡ്
158	15	വില്ലേജ് ഓഫീസ്- മങ്ങാട്ടയ്യത്ത് റോഡ്
159	15	പഞ്ചായത്തോഫീസ് -പറങ്കിമാംവിള റോഡ്
160	15	പഞ്ചായത്തോഫീസ് -കനാൽ റോഡ്
161	15	അഴകിയകാവ് -ശാന്തിഭവനംറോഡ്
162	15	അഴകിയകാവ് പമ്പ് ഹൗസ് - കാവിനാട്ട് കുളം റോഡ്
163	16	ചാപ്പൽ ജംഗ്ഷൻ - വലിയകുളങ്ങരകോളനി റോഡ്
164	16	ഉറകാറ പടിഞ്ഞാറ്റതിൽ ജം-നെടിയപാടം തോട്
165	16	ഇന്ദിരാഗാന്ധി മണ്ഡപം - കുളങ്ങരയ്യത്ത് റോഡ്
166	16	അലക്സ് ഭവനം- പള്ളിക്കലാർ റോഡ്
167	17	കടമ്പാട്ട് ജം-അംബാടി ജംഗ്ഷൻ
168	18	ഇന്ദിരാലയം-ശാന്താലയം റോഡ്
169	18	സരിതാഭവനം- മഠത്തിൽ ക്ഷേത്രം റോഡ്
170	18	പോണാൽ-പോണാൽ ക്ഷേത്രം
171	18	ഞെരിയാംപള്ളിൽ- വിജയഭവനം റോഡ്
172	18	പ്രദീപ് ഭവനം - കൊച്ചുതെങ്ങുംതറ റോഡ്
173	18	ഇന്ദിരാലയം- പനാട്ട് വടക്ക് റോഡ്
174	18	പനാട്ട്- ബാലകൃഷ്ണഭവനം റോഡ്
175	18	പമ്പ് ഹൗസ്- ബിജുഭവനം റോഡ്

കുളങ്ങൾ

ക്രമ നം.	വാർഡ് നം.	കുളത്തിന്റെ പേര്
1	4	പാറയിൽകുളം
2	4	പാലയ്ക്കത്തറ കരിങ്ങാട്ടിൽ ഏലാ തോട്
3	11	പെരുംകുളം
4	15	ഉള്ളന്നൂർ കുളം
5	15	കാവനാട്ട് കുളം
6	16	മഠത്തിൽ കുളം
7	16	കന്നിലേത്ത് കുളം
8	16	പുത്തൻപുരയ്ക്കൽകുളം
9	16	കോട്ടാൽകുളം
10	16	പോണാൽകുളം
11	16	ഉറകാറകുളം
12	5	പള്ളിക്കൽ ഡാം ചിറ
13	5	കൈപ്പള്ളിത്താഴത്ത് കുളം
14	5	വരിയ്ക്കോലിൽകുളം
15	5	ആലുവിളിൽ കുളം

16	6	കൈതവനത്തറ-കക്കാട് തോട്
17	18	ഓണമ്പള്ളി ഏലാ-സ്റ്റേഡിയം-വൃന്ദാവനം-ഏലാ തോട്
18	18	കാഞ്ഞിരപ്പള്ളിൽ-കൂരിക്കുഴി ഏലാ തോട്
19	18	കൈലാസം-കൂരിക്കുഴി ഏലാതോട്
20	18	അമ്മച്ചിമുക്ക് - കൂരിക്കുഴി ഏലാതോട്
21	18	മംഗലത്ത് കൂരിക്കുഴി ഏലാതോട്
22	18	വേണുഭവനം-തോണ്ടലിൽ-പാറക്കടവ് ഏലാ തോട്
23	18	പാറക്കവ് ചിറപ്പാട്ട് പ്രദീപ് ഭവനം-പള്ളിക്കൽ ആറ് തോട്
24	12	കാട്ടൂർകുഴി കുളം
25	12	പ്ലാമൂക്ക്- ഇയ്യാനം ഏലാതോട്
26	14	കിഴകിട ഏലാ തോട്
27	14	കളത്തൂർ-മഞ്ഞാണിയിൽ കിഴകിട ഏലാ തോട്

ഓടകൾ

ക്രമ നം.	വാർഡ് നം.	ഓടയുടെ പേര്
1	4	മുകളയ്യത്ത്-കരിങ്ങാട്ടിൽ ഓട നിർമ്മാണം
2	4	പാലനിൽക്കുംതറ-പാലയ്ക്കതറ ഓടനിർമ്മാണം
3	5	പുറംചുറ്റിമുക്ക്-കിഴകിട ഏലാ ഓട
4	5	കൈതാൽതെക്കതിൽ ജം.- പള്ളിക്കൽ ഡാം
5	5	കൊന്നക്കോട്ടമ്പലം -പള്ളിയ്ക്കൽ ഡാം
6	5	പൈകുളം-രക്തസാക്ഷിമണ്ഡപം ഓട
7	5	പൈകുളം -വിജയഭവനം ഓട
8	13	മുരിക്കനപ്പള്ളിച്ചിറ (പാറയിൽകുളം) മുതൽ മനയംമ്പള്ളിൽ ജംഗ്ഷൻ വരെ
9	13	മാമ്പറ്റ ജംഗ്ഷൻ മുതൽ ആറാട്ട് വീട് ജംഗ്ഷൻ വരെ
10	16	കളീയ്ക്കത്തറ -നെടിയപാടം
11	16	കോട്ടാൽകുളം-നെടിയപാടം
12	16	പോണാൽകുളം-പള്ളിക്കലാർ
13	14	കിഴകിട ഏലാ തോട്
14	14	ബി.എസ്.എൻ.എൽ നെടിയപാടം ഓട
15	14	പഞ്ചായത്ത് ആഫീസ്-നെടിയപാടം ഏലാ ഓട
16	14	സി.എച്ച്.സി -ബി.എസ്.എൻ.എൽ ഓട

കെട്ടിടങ്ങൾ

ക്രമ നം.	വാർഡ് നം.	കെട്ടിത്തിന്റെ പേര്
1	14	കളത്തൂർ സാംസ്ക്കാരിക നിലയം
2	14	ലക്ഷംവീട് സാംസ്ക്കാരിക നിലയം

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്കു അതിർത്തി തർക്കമില്ലാത്ത റോഡുകൾ, കുളങ്ങൾ എന്നിവയുടെ അളവുകൾ രേഖപ്പെടുത്തി വിവരം സെക്രട്ടറിക്കു നൽകി എന്നു അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം. 9/9-11-23.

1-26 ഹരിതകർമ്മസേന-അവലോകനം

ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുമായി സഹകരിച്ച് മാലിന്യമുക്ത കേരളത്തിനായി കുടുംബശ്രീ മിഷന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് ഹരിതകർമ്മസേന. ഹരിതകർമ്മ സേനയെ തിരഞ്ഞെടുക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷം മുതലാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലായി ആകെ 26 ഹരിതകർമ്മ സേന അംഗങ്ങളാണ് നിലവിലുള്ളത്. ഹരിതകർമ്മ സേന അംഗങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിന്യസിച്ചാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പുനരുപയോഗത്തിനായി ഹരിത കർമ്മ സേന യൂസർഫീ ഈടാക്കി ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഈ ഇനത്തിൽ ലഭിക്കുന്ന തുകയാണ് ഇവരുടെ പ്രധാന വരുമാന മാർഗ്ഗം. പ്രദേശവാസികളുടെ പൂർണ്ണമായ സഹകരണം ലഭിക്കാത്തത് മൂലം പദ്ധതി പ്രവർത്തനം പൂർണ്ണമായും വിജയത്തിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല. യൂസർ ഫീ ഇനത്തിൽ 100% നേട്ടം കൈവരിക്കുന്നതിന് ഈ നിസ്സഹരണം വിഘാതമാകുന്നു. നിലവിൽ 50%ത്തിൽ താഴെ മാത്രമാണ് യൂസർഫീ കളക്ഷൻ. വീടുകളിൽ നിന്നുള്ള നിസ്സഹകരണം, മിനി എം.സി.എഫ്, എം.സി.എഫ്. എന്നിവിടങ്ങളിൽ ആവശ്യത്തിന് സൗകര്യമില്ലാത്ത അവസ്ഥ എന്നിവയാണ് നിലവിൽ ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ. മാലിന്യസംസ്കരണത്തിന്റെ അനിവാര്യത സംബന്ധിച്ച് പ്രദേശവാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയും, എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചും, അശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചും പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-27 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 3,66,279/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പദ്ധതി	നിർവ്വഹണ ഏജൻസി	നൽകിയ തുക (₹)	ബിൽ നം./തീയതി
96/ 23,ഐ.കെ.എം. ന് വിഹിതം നൽകൽ	ഐ.കെ.എം.	97,800/-	11/19-9-22
3/23,പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ കൊല്ലം	34,500/-	178/20-12-22
97/23,ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ	കെ.എസ്.ഇ.ബി ശൂരനാട്	19,285/- 14,694/-	ചെക്ക് നമ്പർ-375859/1-2-23 ചെക്ക് നമ്പർ-375903/14-3-23
95/23, ജീവനം-ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ	ജില്ലാ പഞ്ചായത്ത്	2,00,000/-	12/19-9-22
	ആകെ	3,66,279/-	

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 3,66,279/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക-3,66,279/-രൂപ.
ഓഡിറ്റ് എൻകൗയറി നമ്പർ-18/10-11-23.

1-28 പത്താംതരം തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ, രേഖകൾ ഹാജരാക്കാത്തതിനാൽ

7,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി-156/23 സാക്ഷരതാ തുല്യതാ പരീക്ഷ
അടങ്കൽ – ₹1,00,000/-രൂപ (തനത് ഫണ്ട്)
ചെലവ്- ₹50,400/-രൂപ (₹22,200/-, ചെക്ക്നമ്പർ-388265/30-3-23,)
നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ
മേൽ പദ്ധതി പ്രകാരം ഹയർസെക്കണ്ടറി തുല്യത, പത്താം തരം തുല്യത പരീക്ഷകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. പത്താം തരം തുല്യതാ പരീക്ഷക്ക് 12 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ 1,850/-രൂപ നിരക്കിൽ 22,200/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 8 പഠിതാക്കളുടെ തുല്യതാ പഠനവുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. രേഖകൾ ഹാജരാക്കാത്ത പഠിതാക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്
1	ബിനുമോൾ ജി, ശൂരനാട് വടക്ക്
2	ധന്യ ആർ, ശൂരനാട് വടക്ക്
3	സ്മിത വി, ആനയടി
4	ഫൗസിയ, ശൂരനാട് വടക്ക്

രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക്, തുല്യതാ പഠനവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകി. രേഖകൾ ഹാജരാക്കാത്തതിനാൽ 4 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ ചെലവഴിച്ച 7,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 7,400 /- രൂപ.

ഓഡിറ്റ് എൻകൗയറി നമ്പർ 10/8-11-23.

1-29 നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 11,840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി – 121/23, സമഗ്ര നെൽ കൃഷി വികസനം
അടങ്കൽ – 12,09,000/- (വികസന ഫണ്ട് ജനറൽ)
ചെലവ് – 8,40,311/-
മേൽ പദ്ധതി പ്രകാരം നെൽ കൃഷി ചെയ്യുന്നതിന് പാടശേഖര സമിതിയ്ക്ക് നെൽ വിത്ത്, പൂട്ട് കൂലി എന്നിവയ്ക്കായി തുക നൽകിയിട്ടുണ്ട്. സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം വിയപുരത്ത് നിന്ന് 7710 കി.ഗ്രാം നെൽ വിത്ത് 40/-രൂപ നിരക്കിൽ വാങ്ങുന്നതിന് 3,08,400/- രൂപ (ബിൽ നമ്പർ-1/21-12-23) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിതരണ രേഖയിൽ 7414 കി.ഗ്രാം നെൽ വിത്ത് ആണ് വിതരണം ചെയ്തിരിക്കുന്നത്. രജിസ്റ്ററിൽ 7710 കി.ഗ്രാം നെൽ വിത്ത് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നു. ഓണമ്പിള്ളി ഏലാ പാടശേഖര സമിതിയ്ക്ക് രജിസ്റ്റർ പ്രകാരം 1200 കി.ഗ്രാം നെൽ വിത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 904 കി.ഗ്രാം നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖയാണ് ഉള്ളത്. 296 കി.ഗ്രാം നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിതരണ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ 296 കി.ഗ്രാം നെൽ വിത്ത് വാങ്ങുന്നതിനായി ചെലവഴിച്ച 11,840/- (296x40) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓണമ്പിള്ളി ഏലാ പാടശേഖര സമിതിയ്ക്ക് 296 കി.ഗ്രാം നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-11,840/- രൂപ.
ഓഡിറ്റ് എൻകൗയറി നമ്പർ-22/10-11-23.

1-30 ഓഫീസ് നവീകരണം - വാലുേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

1. പദ്ധതി-31/23, ഓഫീസ് നവീകരണം

അടങ്കൽ – ₹12,25,479/- (സി.എഫ്.സി. – ₹11,839/-, തനത് ഫണ്ട് – ₹12,13,640/-)

ചെലവ് – ₹12,25,479/- (സി.എഫ്.സി. – ₹11,839/-, തനത് ഫണ്ട് - ₹12,13,640/-)

2. പദ്ധതി – 115/23, ഓഫീസ് നവീകരണം – തുടർ പ്രവർത്തനങ്ങൾ

അടങ്കൽ – 2,50,000/- (തനത് ഫണ്ട് – ₹2,50,000/-)

ചെലവ് – 2,50,000/- (തനത് ഫണ്ട് – ₹2,50,000/-)

മേൽ പദ്ധതികൾ പ്രകാരം ഓഫീസ് നവീകരണത്തിന് ആകെ 14,75,479/-രൂപ ചെലവഴിച്ചിരിക്കുന്നു. സിഡ്കോ ആണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. അസി.എഞ്ചിനീയറുടെ വാലേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആവണം പ്രവൃത്തിക്ക് തുക ചെലവഴിക്കേണ്ടത് എന്നിരിക്കേ അത്തരത്തിൽ അല്ല തുക ചെലവഴിച്ചിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകൃയറിക്ക് വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എസ്റ്റിമേറ്റിൽ ഉള്ള അളവിൽ തന്നെ പ്രവൃത്തി ചെയ്തിട്ടുണ്ട് എന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല. ആയതിനാൽ രണ്ട് പദ്ധതികൾ പ്രകാരം ഓഫീസ് നവീകരണത്തിനായി ചെലവഴിച്ച 14,75,479/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 14,75,479/- രൂപ.
ഓഡിറ്റ് എൻകൃയറി നമ്പർ – 18/10-11-2023.

1-31 തൊഴിലുറപ്പ്-സോഫ്റ്റ്വെയറിലെ അപാകത

തൊഴിലുറപ്പ് പദ്ധതിയിൽ വ്യക്തിഗത നിർമ്മാണ പ്രവൃത്തികളുടെ മെറ്റീരിയൽ വില നൽകുമ്പോൾ സെക്യുയർ സോഫ്റ്റ്വെയർ പ്രകാരമുള്ള വിലകൾ പ്രകാരമേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സാധിക്കുന്നുള്ളു. 2022-23 ലെ പ്രവൃത്തികൾക്ക് സെക്യയർ സോഫ്റ്റ്വെയർ പ്രകാരം സിമന്റ് വില 566.4/പാക്കറ്റ് (50kg)ആകുന്നു. എന്നാൽ ഗുണഭോക്താക്കൾ സിമന്റ് വാങ്ങിയിരിക്കുന്നത് 390-420 രൂപ/ പാക്കറ്റ് നിരക്കിൽ ആണ്. എന്നാൽ ഈ വില രേഖപ്പെടുത്തി ബിൽ തയ്യാറാക്കുവാൻ സോഫ്റ്റ്വെയറിൽ കഴിയുന്നില്ല. ബിൽ തുക നിജപ്പെടുത്തി നൽകുന്നതിനാൽ അധിക തുക നൽകുന്നില്ലായെങ്കിലും, സോഫ്റ്റ്വെയറിലെ ഈ അപാകത ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-32 തൊഴിലുറപ്പ് -അവലോകനം

2022-23 ലെ ലേബർ ബജറ്റ് പ്രകാരം 115238 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി 953.32 ലക്ഷം രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശിക വേതനം ഉൾപ്പെടെ 909.62 ലക്ഷം രൂപ വേതനമിനത്തിലും, മെറ്റീരിയൽ വിലയായും ഭരണചെലവിനത്തിലും നൽകിയിട്ടുണ്ട്. അൺ സ്കിൽഡ് വേതനമായി 761.62 ലക്ഷം രൂപയും സ്കിൽഡ്/സെമിസ്കിൽഡ് വേതനമായി 22.72 ലക്ഷം രൂപയും മെറ്റീരിയൽസ് വിലയായി 111.39 ലക്ഷം രൂപയും ചെലവഴിച്ചു. 1318 തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുകയും ചെയ്തു.
വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്തു നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, ഫാം പോണ്ട്നിർമ്മാണം, എന്നീ വ്യക്തിഗത ആനുകൂല്യ പ്രവൃത്തികളും നടപ്പിലാക്കി. പൊതു ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

1-33 തനത് വിഭവ സമാഹരണം

I) വസ്തുനികുതി പരിഷ്ക്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി നിശ്ചയിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 12.04.2023-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 19.06.2023 ലെ 2(1) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

II) സേവന ഉപനികുതി

സേവന ഉപനികുതി 5% ഈടാക്കുന്നുണ്ട്.

III) തൊഴിൽ നികുതി

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 1-13 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

IV) ലൈസൻസ്-ഫീസ്

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 1-15 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

V) പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയതിട്ടുണ്ട്. എന്നാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കോണ്ട്രാക്ടേഴ്സ് ഇ.എം.ഡി.- 24,900/- രൂപ അധികം നൽകി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2020-21 ൽ മെറ്റീരിയൽ സപ്ലൈ കരാറെടുത്ത ശ്രീ. അബ്ദുൾ റഷീദ്, ഇടയിലവീട് എന്ന വ്യക്തിക്ക് ഇ.എം.ഡി. തിരികെ നൽകിയപ്പോൾ 24,900/- രൂപ അധികം നൽകിയതായി കണ്ടെത്തി. 30.10.2020 ലെ 120010101686 നമ്പർ രസീത് പ്രകാരമുള്ള 12,400/- രൂപയും 120010101695 നമ്പർ രസീത് പ്രകാരമുള്ള 12,500/- രൂപയും 2200448/30.08.2022 നമ്പർ വൗച്ചറിൽ രണ്ട് തവണ ഉൾപ്പെടുത്തിയത് കാരണമാണ് 24,900/-രൂപ അധികം നൽകാനിടയാക്കിയത്. താഴെ പറയുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള കരാറിൽ ഇ.എം.ഡി. ഇനത്തിൽ ഒടുക്കിയ 70,100/-രൂപ തിരികെ ലഭിക്കുന്നതിനു വേണ്ടിയാണ് ശ്രീ. അബ്ദുൾ റഷീദ് അപേക്ഷ നൽകിയത്.

1.	നല്ലാന്തറ വയൽ കോളനി റോഡ് കോൺക്രീറ്റിംഗ് റീച്ച്-1	₹9,800/-
2.	ആറമ്പിൽ സുരേഷ് ഭവനം റോഡ് കോൺക്രീറ്റിംഗ്	₹12,400/-
3.	മേലേവീട്- കിഴകിട ഏലാ റോഡ് കോൺക്രീറ്റിംഗ് റീച്ച്-1	₹12,400/-
4.	വിളയിൽ പാറകുളം റോഡ് കോൺക്രീറ്റിംഗ്	₹10,600/-
5.	ശനിദേവിക്ഷേത്രം-നാലുതുണ്ടിൽ കനാൽ റോഡ് കോൺക്രീറ്റിംഗ്	₹12,400/-
6.	അമ്പലത്തുംവിള-തെക്കാവ് റോഡ് കോൺക്രീറ്റിംഗ്	₹12,500/-
	ആകെ	₹70,100/-

മേൽപ്രകാരമുള്ള ഇ.എം.ഡി. ഒടുക്കിയതിന്റെ അസൽ രസീതുകൾ നഷ്ടപ്പെട്ടതായി ശ്രീ. അബ്ദുൾ റഷീദ് സത്യവാങ്മൂലും സമർപ്പിച്ചിരുന്നു. എന്നാൽ ക്രമ നം. 5, 6 എന്നീ പ്രവൃത്തികൾക്ക് ഒടുക്കിയ ഇ.എം.ഡി. കളുടെ രസീതുകളുടെ പകർപ്പുകൾ കൂടി ശ്രീ.

അബ്ദുൾ റഷീദ് സമർപ്പിച്ചു. ഇതു കാരണമാണ് ഈ രണ്ടു പ്രവൃത്തികളുടെ ഇ.എം.ഡി. ഒരേ വൗച്ചറിൽ രണ്ടു തവണ ഉൾപ്പെടുത്തി അധികം തുക അനുവദിക്കാനിടയാക്കിയത്. ഇതുകാരണം 70,100/- രൂപ അനുവദിക്കുന്നതിനു പകരം മേൽ വൗച്ചർ പ്രകാരം 95,000/-രൂപ അനുവദിച്ചു.
അധികം കൈപ്പറ്റിയ തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻകൃയറിക്ക് സെക്രട്ടറി മറുപടി നൽകി. തുക തിരികെ ഒടുക്കുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം അനുവദിച്ച് നൽകിയ 24,900/- രൂപ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
ഓഡിറ്റ് എൻകൃയറി നം. 05/08.11.2023.
നിരാകരിക്കുന്ന തുക – 24,900/- രൂപ.

3-2 ടെന്റർ കുറവു പരിഗണിക്കാതെ അധികം തുക നൽകി

1. **പ്രേജക്റ്റ് നം. 69/23 ഇയ്യാനം-പെരുകുളം തുണ്ടിലവിളഭാഗം ഓട നിർമ്മാണം വാർഡ്-11**

അടങ്കൽ – ₹5,55,000/- (സി.എഫ്.സി.)
ചെലവ് – ₹4,65,260/- (ബിൽ നം. 14/16-7-22)
കരാർ തുക – ₹4,15,412/- (15.39%കുറവ്)
കരാർ നം. 19/24-12/21
അളവ് പുസ്തകം – 53/21-22

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം നം. 4 - Providing Cement Concrete For Wearing Coat (75.8.11.A) 3.2 M3 @7882.54/M^3 ആയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഈ ഇനത്തിന്റെ അളവു 27.729M^3 ആയി വർദ്ധിപ്പിച്ചു. ഇതു പ്രകാരം അധിക അളവിനു നൽകാവുന്ന നിരക്ക് പ്രവൃത്തിയുടെ ടെൻഡർ കുറവിനെ അടിസ്ഥാനപ്പെടുത്തി 6669.4/M^3 ആകുന്നു. (പ്രവൃത്തിയുടെ ഏതെങ്കിലും ഘട്ടത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന പ്രവൃത്തികളുടെ സംഗതിയിൽ,ഏതെങ്കിലും ഇനം അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ കോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ.സി. പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്നു കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഇനത്തിനു അനുവദിക്കുകയുള്ളു. കരാർ വ്യവസ്ഥ-31) എന്നാൽ നല്കിയ നിരക്ക് 7882.54/M^3 ആണ്. അധികമായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അളവ് (ഇനം.4)	നിരക്ക് (₹)	നൽകിയ തുക (₹)	നൽകാവുന്ന തുക (₹)
27.729m^3	7,882.54	2,18,574.95	3.2M^3@7,882.54 = 25,224.12 24.529M^3@6,669.4 = 1,63,593.7 (15.39% ടെന്റർ കുറവ് കഴിച്ചുള്ള നിരിക്ക്) ആകെ-1,88,818/-

ഈ പ്രവൃത്തിയുടെ ആകെ മൂല്യം 4,40,918.16 രൂപയായിരുന്നു. ഇത് കരാർ തുകയായ 4,15,412.45 ൽ നിജപ്പെടുത്തി നികുതി ഉൾപ്പെടെ 4,65,260/- രൂപ നൽകി. എന്നാൽ ഇനം. 4 നു അനുവദനീയമായ നിരക്കിൽ ബിൽ തയ്യാറാക്കിയിരുന്നെങ്കിൽ നൽകേണ്ടി വരുന്ന തുക ആകെ പ്രവൃത്തി മൂല്യം – 4,11,161.4 + നികുതി (12%) 49339.3 = 4,60,501/-രൂപ. അധികമായി ഉൾപ്പെടുത്തിയ അളവിനു കൂടുതൽ നിരക്കു നൽകിയതുവഴി നൽകിയ അധിക തുക 4,759/- രൂപ (465260-460501) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ/എൻജിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

2. **പ്രേജക്റ്റ് നം. 47/23 സംഗമം ജം. പള്ളിക്കൽ ഡാം റോഡ്**

അടങ്കൽ - ₹10,00,000/- (മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് – ₹8,51,075/- (ബിൽ നം. 4/7-5-22)

പി.എ.സി. – 8,92,662.5

കരാർ തുക – 7,62,227.07 (14.61% കുറവ്)

കരാർ നം. 11/08-11-21

അളവ് പുസ്തകം-45/21-22

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം നം. 10- Surface Dressing....47.5m^2@20.6/M^2. ഇതു റീവൈസ്ഡ് എസ്റ്റിമേറ്റിൽ 116.8m^2 ആയി വർദ്ധിപ്പിച്ചു. ഇനം 11 ൽ Providing Cement Concrete For Wearing Coat (75.8.11.A) 7.123m^3@7882.54/M^3 ആയിരുന്നത് 17.520m^3 ആയി വർദ്ധിപ്പിച്ചു.

ഇതു പ്രകാരം അധിക അളവിനു നൽകാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	പ്രവൃത്തിയുടെ അളവ്	കരാർ നിരക്ക് (₹)	നൽകിയ തുക (₹)	റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നൽകാവുന്ന തുക (₹)	അധിക തുക (₹)
10-Surface Dressing	116.8m^2@20.6	18/M^2	2,102.4	47.5M2@18. = 855/- 69.3m2@17.59 = 1218.98 ആകെ – 2,073.98	28.42
11-Plane Cement Concrete(75.8.1.1.A)	17.520@7882.54	6,808/-	1,19,136/-	7.125m^3@6808 = 48,507/- 10.395@6730.9 = 69,967.7 ആകെ - 1,18,474.7	661/-
		ആകെ			689/-

അധികമായി ഉൾപ്പെടുത്തിയ അളവിനു കൂടുതൽ നിരക്കു നൽകിയതുവഴി നൽകിയ അധിക തുക 689/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ/എൻജിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം17/10-11-23.
നിരാകരിച്ച തുക – 5,448/-രൂപ (4759 + 689).

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2022-23	07.11.2023 & 08.11.2023	കെ.എസ്.എ.കെ.എൽ.എം.പി10/1951/2023 തീയതി 30/11/2023

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2022-232	2,68,419/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (180/23)	2,68,419/-	0

ബ്ലോക്ക് പഞ്ചായത്ത്	2022-23	2,60,640/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (180/23)	2,60,640/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	1,88,480/-	സാന്ത്വന പരിചരണം (8/23)	1,88,480/-	0
ജില്ലാ പഞ്ചായത്ത്	2022-23	2,50,000/-	അനുപൂരക പോഷകാഹാരം-14/23	2,50,000/-	0
ജില്ലാ പഞ്ചായത്ത്	2022-23	4,34,069/-	അനുപൂരക പോഷകാഹാരം-11/23	4,34,069/-	0
ജില്ലാ പഞ്ചായത്ത്	2022-23	95,000/-	15/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്	95,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	2,00,000/-	15/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്	2,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	7,20,000/-	ലൈഫ്മിഷൻ – (42/23)	7,20,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	8,00,000/-	ലൈഫ്മിഷൻ – (42/23)	8,00,000/-	0
ജില്ലാ പഞ്ചായത്ത്	2022-23	31,80,000/-	ലൈഫ്മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി.പി) 65/23	31,80,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	9,60,000/-	ലൈഫ്മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (എസ്.സി.പി) 65/23	9,60,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	5,00,000/-	ആനയടി പാറയിൽ കുളം നവീകരണം (71/23)	5,00,000/-	0
ജില്ലാ പഞ്ചായത്ത്	2022-23	95,886/-	അതിദരിദ്രരുടെ മൈക്രോപ്ലാൻ തയ്യാറാക്കൽ	95,886/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	പോസ്റ്റ് ഷിഫ്റ്റിംഗ്	4220256 തീയതി 13/07/22	1,02,675/-	0	1,02,675/-
കെ.എസ്.ഇ.ബി.	സ്ട്രീറ്റ് മെയിൻ നീട്ടൽ	42200605 തീയതി 04/11/22	24,99,089/-	0	24,99,089/-
കെ.എസ്.ഇ.ബി.	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42200798 തീയതി 08/01/23	19,408/-	0	19,408/-

കെ.എസ്.ഇ.ബി.	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും	42200855 തീയതി 21/01/23	1,07,314/-	0	1,07,314/-
കെ.എസ്.ഇ.ബി.	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും	42200856 തീയതി 21/01/23	85,374/-	0	85,374/-
കെ.എസ്.ഇ.ബി.	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42200884 തീയതി 31/01/23	19,285/-	0	19,285/-
കെ.എസ്.ഇ.ബി.	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും	42201029 തീയതി 10/03/2023	6,030/-	0	6,030/-
കെ.എസ്.ഇ.ബി.	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും	42201030 തീയതി 10/03/2023	8,664/-	0	8,664/-
കേരള വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	42200747 തീയതി 22/12/22	34,500/-	0	34,500/-
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	ട്യൂബ് വെൽ ഡെലവപ്പിംഗ്	22201437 തീയതി 30/03/2023	15,435/-	0	15,435/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDFC വായ്പയിനത്തിൽ 1,10,80,000/-രൂപ വരവുണ്ട്. മുൻബാക്കി 9,726/- രൂപ, പലിശ 9,952/-രൂപയടക്കം 1,10,99,678/-രൂപയിൽ 82,85,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
KURDFC		1,10,80,000/-	1,47,49,782/-	40,67,769/-		2,17,62,013/-

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	2,45,100/-രൂപ
തൻവർഷം നിക്ഷേപിച്ച തുക	0

ആകെ	2,45,100/-രൂപ
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	2,45,100/-രൂപ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം.	സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....)	തുക (₹)
1	ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്ക്	1,00,000/-
2	സബ് ട്രഷറി, ശാസ്താംകോട്ട	1,45,100/-
ആകെ		2,45,100/-

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ വ്യക്തിയുടെ പേര്	രസീത് നമ്പർ
2018-19	1-12	1,21,173/-	കെ.എസ്.ഇ.ബി.	1220000304 31.03.2023
2019-20	3-2	5,005/-	അലക്സാണ്ടർ കെ. തോമസ് (അസി. എഞ്ചിനീയർ)	1220104711 16.03.2023
2021-22	1-11	2,240/-	ശ്രീമതി ജയശ്രീ, പാലിയേറ്റീവ് നഴ്സ്	1220103845 20.01.2023
2021-22	1-11	491/-	ശ്രീ. സെബിൻ, ആംബുലൻസ് ഡ്രൈവർ	12201039787 30.01.2023
2021-22	1-11	2,801/-	ശ്രീമതി ജമുനാദേവി, ബഡ്സ് സ്ക്കൂൾ ടീച്ചർ	1220104026 01.02.2023
2021-22	1-11	654/-	ശ്രീമതി അഞ്ജു വി എസ്, പ്രോജക്ട് അസി.	1220104139 27.02.2023
2021-22	14 (29)	491/-	ശ്രീമതി അനിജ, ഫാർമസിസ്റ്റ്, ഹോമിയോ ഡിസ്പെൻസറി	1220104410 27.02.2023
2021-22	14 (29)	518/-	ശ്രീ. ടിന്റു, അറ്റൻഡർ, ഹോമിയോ ഡിസ്പെൻസറി	1220104411 27.02.2023

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഭാഗം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2001-02	3-11	2006-07	3-11-8	റോഡ് പുനരുദ്ധാരണം	അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2003-04	3-7	2006-07	3-11-4	പട്ടികജാതി വികലാംഗർക്ക് ബങ്ക്	പരാമർശം അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-4	2016-17	അനുബന്ധം-4	തൊഴിൽ നികുതി	പരാമർശം അക്കൗണ്ട്സ്

					കമ്മിറ്റിയുടെ പരിഗണനയിലാണ്.
2016-17	2-1	2017-18	1-2-2	തനത് ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ	പരാമർശം അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	24,900/-	ശ്രീമതി സംഗീത സി ആർ, സെക്രട്ടറി
3-2	-	5,448/-	ശ്രീമതി ലിജിയ രാജു, അസി. എൻജിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	2,68,371/-	ഡോ. എം കെ വിമല, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)
1-17	51,255/-	ഡോ. എം കെ വിമല, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)
1-19	2,80,524/-	ഡോ. നാൻസി എ. കരീം, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-27	3,66,279/-	ശ്രീമതി സംഗീത സി. ആർ, സെക്രട്ടറി
1-28	7,400/-	ശ്രീമതി മിനി ഒ. ഹെഡ്മിസ്ട്രസ്സ്
1-29	11,840/-	ശ്രീ. ആൻസൺ വി. കുഞ്ഞച്ചൻ, കൃഷി ഓഫീസർ
1-30	14,75,479/-	ശ്രീമതി സംഗീത സി. ആർ, സെക്രട്ടറി
ആകെ	**24,61,148/-**	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ	ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ശ്രീമതി സംഗീത സി ആർ, സെക്രട്ടറി	സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്	ചാലിൽ ഹൗസ്, എസ്.ആർ.പി. മാർക്കറ്റ് റോഡ്, തഴവ
ശ്രീമതി ലിജിയ രാജു, അസി. എൻജിനീയർ	അസി. എൻജിനീയർ ലൈഫ് മിഷൻ, ജില്ലാ ഓഫീസ്, തിരുവനന്തപുരം	ഗ്രീൻ വില്ല കോട്ടേജ്, നീരാഴി ലെയിൻ, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം-696011
ശ്രീമതി മിനി ഒ, ഹെഡ്മിസ്ട്രസ്സ്	ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. ശൂരനാട് നടുവിൽ	എടയാടി തെക്കതിൽ, മുടിയൂർക്കോണം, പന്തളം,
ഡോ. എം കെ വിമല, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട്	കെ വി ഹൗസ്, പുതുപ്പള്ളി നോർത്ത് പി.ഒ, കായംകുളം
ശ്രീ.ആൻസൺ വി. കുഞ്ഞച്ചൻ, കൃഷി ഓഫീസർ	കൃഷി ഓഫീസർ ശൂരനാട് വടക്ക്	ഡോളി നിവാസ്, മങ്ങാട് പി.ഒ., കൊല്ലം
ഡോ. നാൻസി എ. കരീം, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (ഹോമിയോ), ശൂരനാട്	ഇശൽ, മരുതൂർകുളങ്ങര സൗത്ത്, ആലുംകടവ് പി.ഒ., കരുനാഗപ്പള്ളി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997 -98	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	3
1998 -99	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
1999 -2000	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	5
2000 -01	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	8
2001 -02	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	2
2002 -03	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
2003 -04	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	2
2004 -05	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
2005 -06	കെ.എസ്.എ.-കെ.എൽ.എം./പി 10/396/18 തീയതി-27/04/18	4
2006 -07	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	6
2007 -08	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	6
2008 -09	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	2
2009 -10 & 2010 -11	കെ.എസ്.എ.-കെ.എൽ.എം./പി 10/720/19 തീയതി-29/05/19	6
2011 -12	കെ.എസ്.എ.-കെ.എൽ.എം./പി 10/ അദാലത്ത്/2011-12/97/22/22.08.2022	6
2012 -13 & 2013 -14	കെ.എസ്.എ.-കെ.എൽ.എം./പി 10/അദാലത്ത്/2012 -13 & 2013 -14/97/22/22.08.2022	8

2014 -15	കെ.എസ്.എ.-കെ.എൽ.എം./പി 10/അദാലത്ത്/2014 -15 /97/22/22.08.2022	7
2015-16	കെ.എസ്.എ.-കെ.എൽ.എം./പി 10/അദാലത്ത്/2015-16 /97/22/22.08.2022	5
2016-17	കെ.എസ്.എ.-കെ.എൽ.എം./പി 10/549/18 തീയതി-28/04/18	11
2017-18	കെ.എസ്.എ.-കെ.എൽ.എം./പി 10/1652/18 തീയതി-24/10/18	7
2018-19	കെ.എസ്.എ.-കെ.എൽ.എം./പി10/103/2020 തീയതി. 22.05.2020	6
2019-20	കെ.എസ്.എ.-കെ.എൽ.എം./പി10/1151/2021 തീയതി. 24.03.2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ.-കെ.എൽ.എം./പി10/1151/2021 തീയതി. 24.03.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.-കെ.എൽ.എം.പി10/1832/22 തീയതി 05.01.2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number II (1) dated II (1) dated 15-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Sooranad North Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Sooranad North Grama Panchayat for the year 2022-2023

Date: 30/11/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Sooranad North Grama Panchayat for the Year 2022-2023.

1.Major Observations

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit:-

Ratios, Notes on account.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. CFC expenditure in AFS does not match with the expenditure in ACR.

4. Contractors EMD payment details shown in AFS does not match with Register.

5. Unpaid treasury bills are not omitted from Web Saankhya.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3
അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്